# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാക്കുട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-ഇ കെ എം(p9) 1808/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാക്കുട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-ഇ കെ എം(p9) 1808/2021 തീയ്യതി: 06/06/2022

## എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 16-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ. എ. ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2021 | 30-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-11-2021 | 30-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ
റസിയ ബീവി ജെ., ഓഡിറ്റ് ഓഫീസർ
ശ്രീജ ഉണ്ണികൃഷ്ണൻ, അസി.ഓഡിറ്റ് ഓഫീസർ
മേഴ്സി കെ. പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
മുഹമ്മദ് ഷാഫി വി.എം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുഷമ മാധവൻ | പ്രസിഡന്റ് | 01-04-2019 | 28-08-2019 |
| ശ്രീമതി അമ്മിണി ജോർജ് | പ്രസിഡന്റ് | 28-08-2019 | 31-03-2020 |
| ശ്രീ അന്ത്രു എം എം | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജിത.എം.നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീമതി ജെമിനി ഇ സി | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീമതി സൂര്യ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 18-07-2019 |
| ശ്രീ മാക്സ്വെൽ കെ സി | അസിസ്റ്റന്റ് എഞ്ചിനീയർ | 19-07-2019 | 31-03-2020 |
| ശ്രീ ചാക്കോച്ചൻ വി കെ | കൃഷി ഓഫീസർ | 01-04-2019 | 16-09-2019 |
| ശ്രീ സുനിൽ പി | കൃഷി ഓഫീസർ | 16-09-2019 | 31-03-2020 |
| ഡോ സാജേഷ് മാത്യു | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ ആഷാമോൾ | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ. റുവാൻ സാം | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. സിന്ധു ബാലൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി കൃഷ്ണശോഭ കെ ജി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ ഷാജി ജോൺ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ രാജേഷ് എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 10-02-2020 |
| ശ്രീ ജെയിംസ് ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 11-02-2020 | 31-03-2020 |
| ശ്രീമതി നിഷ പി എം | വി ഇ ഒ പാമ്പാക്കുട | 01-04-2019 | 16-09-2019 |
| ഒഴിവ് | വി ഇ ഒ പാമ്പാക്കുട | 17-09-2019 | 30-09-2019 |
| ശ്രീ രാജേഷ് ടി. | വി ഇ ഒ പാമ്പാക്കുട | 01-10-2019 | 04-12-2019 |
| ശ്രീ പ്രിയരഞ്ജൻ ആർ. | വി ഇ ഒ പാമ്പാക്കുട | 05-12-2019 | 31-03-2020 |
| ശ്രീ മോഹൻദാസ് കെ സി | വി ഇ ഒ അഞ്ചൽപ്പെട്ടി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി ബിന്ദുമോൾ ടി. | വി ഇ ഒ ഓണക്കൂർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Saly Joseph (Audit Officer (HG), On 24-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 26-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Saly Joseph (Audit Officer (HG), On 24-11-2021)<br>Last Updated By: Raj N.C (Computer Assistant, On 26-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 26-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-10 |
| 11 | ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടു<br>Written By: Muhammed Shafi V M (Auditor, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-11 |
| 12 | തൊഴിൽ നികുതി<br>Written By: Mercy KP (Auditor, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-12 |
| 13 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്<br>Written By: Mercy KP (Auditor, On 30-11-2021)<br>Last Updated By: Sheheer (Senior Grade Auditor, On 16-05-2022) | 1-13 |
| 14 | വസ്തുനികുതി<br>Written By: Mercy KP (Auditor, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-14 |
| 15 | വി.ഇ.ഒ.പ്രോജക്ട് - സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകയും യഥാർത്ഥ ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Mercy KP (Auditor, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 1-15 |
| 16 | സ്മാർട്ട് ക്ലാസ് റൂം സ്ഥാപിച്ചത് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 1-16 |

| | | |
|---|---|---|
| 17 | എസ്.എസ്.എ. വിഹിതം(ജനറൽ)-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 1-17 |
| 18 | എസ്.എസ്.എ. വിഹിതം(എസ്.സി)-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-11-2021)<br>Last Updated By: Sheheer (Senior Grade Auditor, On 16-05-2022) | 1-18 |
| 19 | ലൈഫ് ഭവന പദ്ധതി, ജോയിൻറ് വെഞ്ചർ പ്രോജക്ട് തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Mercy KP (Auditor, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-19 |
| 20 | ഗുണഭോക്തൃ വിഹിതം പിൻവലിച്ചത് ചെലവു രേഖയിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Saly Joseph (Audit Officer (HG), On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-20 |
| 21 | IKM വിഹിതം - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല<br>Written By: Saly Joseph (Audit Officer (HG), On 01-12-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 1-21 |
| 22 | അനുപൂരക പോഷകാഹാരം-എസ്.സി.പി.ഫണ്ട് വിനിയോഗം - എസ്.സി. ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമല്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 01-12-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-22 |
| 23 | മരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 1-23 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്.<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 09-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 27-04-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

24.03.2019ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 07.02.2020ലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള ആകെ വരവ് 9,19,26,810/- രൂപയും ചെലവ് 9,26,03,859/- രൂപയും നീക്കിയിരിപ്പ് 16,15,077/- രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യ പത്രികയിലെയും വരവ്-ചെലവ് കണക്കുകളുടെ താരതമ്യ പഠനം ചുവടെ ചേർക്കുന്നു :-

| | വരവ് | ചെലവ് |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 14,70,87,804 | 14,87,66,470 |
| വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | 8,26,88,005 | 8,13,31,519 |
| വ്യത്യാസം | (-)6,43,99,799 | (-)6,74,34,951 |

ബജറ്റ് കൂടുതൽ യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കുന്നതിൽ ശ്രദ്ധിക്കാവുന്നതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.7.2020 | 18.05.2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8041573 |
| വരവ് | 42520839 |
| ആകെ | 50562412 |
| ചെലവ് | 41671337 |
| നീക്കിയിരിപ്പ് | 8891075 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 7880726 | 7880726 | 7722865 | 157861 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4474294 | 4474294 | 4393969 | 80325 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 155000 | 155000 | 155000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6926708 | 6926708 | 2069112 | 4857596 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6085000 | 6085000 | 1253827 | 483173 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 3251000 | 3251000 | 2542860 | 708140 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ICDS | 1355314 | 1281232 | 2636546 | 915466 | 1721080-Deposited In Own Fund) |
| Other Central Government Grants-Solid Waste | 775,274 | 0 | 775274 | 529,186 | 246,088 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| Pre-monsoon Campaign | 0 | 130000 | 130000 | 130000 | 0 |
| Grants From Suchitwa Mission | 338079 | 0 | 338079 | 0 | 338079 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 260705 | 2200000 | 2460705 | 1007420 | 1453285 |
| | ജില്ലാ പഞ്ചായത്ത് | 84600 | 2150992 | 2235592 | 552580 | |
| ബി ഫണ്ട് | | 0 | 15770400 | 15770400 | 15770400 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 6605273 | 6605273 | 551107 | 6054166 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 155 | 55005085 | 69 | 26788198 | 64 | 26 | 48.8% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) ലക്ഷംവീട് കോളനി സാംസ്കാരിക നിലയം ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ.

2) നെയ്യശാലപ്പടി സി.എച്ച്.സി. സബ് സെന്ററിന് വാട്ടർ കണക്ഷൻ അനുവദിക്കൽ.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 16383 | 1277607 | 1293990 | 1293902 | 88 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25159160 | 25159160 | 25159160 | 0 |
| ആകെ | 16383 | 26436767 | 26453150 | 26453062 | 88 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23280 | 20 |
| കർഷകതൊഴിലാളി പെൻഷൻ | 1087800 | 179 |
| വിധവാപെൻഷൻ | 3593900 | 621 |
| വാർദ്ധക്യകാലപെൻഷൻ | 9297300 | 1719 |
| വികലാംഗപെൻഷൻ | 1331200 | 224 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10270/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എങ്കിലും രജിസ്റ്ററുകളുടെ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമായിട്ടുണ്ട്. ഉദാഹരണത്തിന്, വാട്ടർ ചാർജ്ജ് കുടിശ്ശിക രജിസ്റ്റർ ശരിയാംവിധം പരിപാലിക്കാത്തതിനാൽ വലിയ തുക കുടിശ്ശികയായി കണക്കാക്കിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.2019 | 01.11.2019 –30.11.2019 | ലഭ്യമാക്കിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.6.2009 | 2004-05 – 2008-09 | 20.7.2009 |

## 1-11 ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടു

ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ സഞ്ചയയിലെ വസ്തുനികുതി കളക്ഷനിലും കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സാംഖ്യാ രസീത് നമ്പർ /തീയതി | കെട്ടിട നമ്പർ | സാംഖ്യ പ്രകാരം ക്യാൻസൽ ചെയ്ത രസീതിലെ തുക | സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ട തുക |
|---|---|---|---|---|
| 1 | 119110101652, 26-9-2019 | 12/389B | 644/- | 644/- |
| 2 | 119110104032, 17-12-2019 | 10/71 | 367/- | 355/- |
| 3 | 119110104751, 24-1-2020 | 6/398 | 278/- | 273/- |

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.8/27.11.2021) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി

ഗ്രാമ പഞ്ചായത്തിൻെറ 2019-20 ലെ എഗ്രിമെന്റ് രജിസ്ററർ പ്രകാരം താഴെ പറയുന്ന കോൺട്രാക്ടർമാർ കരാർ പ്രകാരം ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയിരുന്നതായി കാണുന്നു. എഗ്രിമെന്റ് രജിസ്റ്ററിൽ കോൺട്രാക്ട് ഒപ്പിട്ട തീയതി മുതൽ ജോലി പൂർത്തീകരിച്ച തീയതിവരെ കണക്കാക്കുമ്പോൾ മേൽ കോൺട്രാക്ടർമാർ അർദ്ധവർഷം 60 ദിവസത്തിലധികം ജോലി ചെയ്തിരുന്നു എന്ന് വ്യക്തമാണ്. കൂടാതെ ഒന്നിലധികം ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളവരും ഉണ്ട് .

| ക്രമ നം. | കോൺട്രാക്ടറുടെ പേര് |
|---|---|
| 1 | സൈബുരാജൻ എം.വി. |
| 2 | ബേസിൽ കെ. തോമസ് |
| 3 | സജി റ്റി . ജേക്കബ് |
| 4 | കെ. എ. സാബു |
| 5 | റെജി കുര്യാക്കോസ് |
| 6 | ജോർജ്ജ് കെ. എം. |
| 7 | എം.സി. രാജൻ |
| 8 | എൽദോസ് ഫിലിപ്പ് |
| 9 | നോബി ജോൺ |

ആയതിനാൽ ഇവരിൽ നിന്നും ചട്ടപ്രകാരം നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1 /20.11.2021) മറുപടിയായി സൈബുരാജൻ എം വി., ബേസിൽ കെ.തോമസ്, എം.സി. രാജൻ എന്നിവർ തൊഴിൽ നികുതി അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഏത് അർദ്ധവർഷം എത്ര തുക എന്ന് വ്യക്തമാക്കിയിട്ടില്ല. ഏത് അർദ്ധവർഷത്തേക്ക് എത്ര തുക എന്നത് വ്യക്തമാക്കി ബാധകമായ തുക മുഴുവൻ ഈടാക്കി രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. തൊഴിൽനികുതി പിരിവ് കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്

1996-ലെ പഞ്ചായത്ത് രാജ് നിയമം (വകുപ്പ് 232) (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) 1 (10), പട്ടിക 1-ലെ ക്രമ നമ്പർ 149 പ്രകാരം റീറ്റെയ്ൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോറുകൾ തുടങ്ങിയവ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ റീറ്റെയ്ൽ റേഷൻ ഡിപ്പോയ്ക്കായി ലൈസൻസിന് അപേക്ഷിക്കുകയോ പഞ്ചായത്ത് ലൈസൻസ് അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല.

2019-20 ലെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയതിൽ റീറ്റെയ്ൽ റേഷൻ ഡിപ്പോകൾ ഉൾപ്പെടുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 4/23.11.2021 ) ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-14 വസ്തുനികുതി

വാണിജ്യാവശ്യത്തിനുള്ളതും വിസ്തീർണ്ണം 100 ച.മീ. ൽ കൂടുന്നതുമായ ചില കെട്ടിടങ്ങൾ സഞ്ചയയിൽ, വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള

വസ്തുനികുതി ഈടാക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് / കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ.) | നിലവിൽ ഈടാക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് - 35/ ച. മീ. | അടിസ്ഥാന വസ്തുനികുതി ആയി ഈടാക്കേണ്ട നിരക്ക് 50 / ച. മീ. | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | ജോയ് മത്തായി, 2/267/B | 117 | (117x35)+20%(117x35)=4914<br>4914 + 5% Of 4914 = 5160 | (117x50)+20%(117x50)=7020<br>7020 + 5% Of 7020 = 7371 | 2,211 |
| 2 | ജേക്കബ് മാത്യു, 3/235/S | 317.05 | (317.05 X 35)+20%(317.05x35)=13316<br>13316x5% Of 13316 =13983 | (317.05x50)+20(317.05x50)=19023<br>19023 + 5% Of 19023 = 19974 | 5,991 |
| 3 | ജേക്കബ് മാത്യു 3/235/T | 147.08 | (147.08x35)+20%147.08x35)=6177.36<br>6177.36 + 5% Of 6177 =6487 | (147.08x50)+20%(147.08x50)=8825<br>8825 + 5% Of 8825 =9266 | 2,779 |
| | ആകെ | | | | 10,981 |

മേൽ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/29.11.2021) ലഭ്യമാക്കിയ മറുപടിയിൽ , ജോയ് മത്തായി, 2/267/B എന്ന കെട്ടിടത്തിന് 10% നികുതി ഒഴിവാക്കികൊടുക്കാൻ കമ്മിറ്റി തീരുമാനം ഉള്ളതായി പറയുന്നു. എന്നാൽ ലഭ്യമാക്കിയ കമ്മറ്റി തീരുമാനത്തിന് വ്യക്തതയില്ല. ജേക്കബ് മാത്യു, 3/235/S, ജേക്കബ് മാത്യു 3/235/Tഎന്നീ കെട്ടിടങ്ങൾ, ബാങ്ക് , ഹാൾ എന്ന ഇനത്തിലുള്ളതാണെന്നും സഞ്ചയയിൽ അസസ്മെൻറ് തെറ്റിയതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിൽ A മുതൽ S വരെ നമ്പറിലുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കടമുറികളുടെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി ആണ് ചേർത്തിരിക്കുന്നതെന്നും പറയുന്നു. ആയതിനാൽ മേൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-15 വി.ഇ.ഒ.പ്രോജക്ട് - സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകയും യഥാർത്ഥ ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2019-20 വർഷത്തിൽ വി.ഇ.ഒ. നിർവഹണം നടത്തിയ ലൈഫ് ഭവന പദ്ധതി പുതിയ വീട് നിർമ്മാണം (ജനറൽ Spill Over), എന്ന പ്രോജക്ടിൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകയും യഥാർത്ഥ ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടാത്തതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിൻറെ പേര് | ലൈഫ് ഭവന പദ്ധതി പുതിയ വീട് നിർമ്മാണം (ജനറൽ) |
| പ്രോജക്ട് നമ്പർ | 127/2019-20 |
| അടങ്കൽ | 9,40,000/- |
| ചെലവ് | 8,27,420/- ( സുലേഖ ചെലവ് പത്രിക പ്രകാരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. പാമ്പാക്കുട |

ചെലവ് വിവരങ്ങൾ

| ക്രമ നം. | ചെക്ക് നം തീയതി | ഇനം | എൻക്യാഷ്മെൻറ് തീയതി | തുക |
|---|---|---|---|---|
| 1 | 1498951/21.06.19 | ജില്ലാപഞ്ചായത്ത് വിഹിതം | 24.06.19 | 1,20,000.00 |
| 2 | 1498952/09.07.19 | ജില്ലാപഞ്ചായത്ത് വിഹിതം | 10.07.19 | 3,20,000.00 |
| 3 | 1498954/02.08.19 | ജില്ലാപഞ്ചായത്ത് വിഹിതം | 06.08.19 | 1,00,000.00 |
| 4 | 1498955/14.08.19 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 17.08.19 | 1,00,000.00 |
| 5 | 1498956/16.10.19 | ജില്ലാപഞ്ചായത്ത് വിഹിതം | 17.10.19 | 12,580.00 |
| 6 | 678814/16.10.19 | സംസ്ഥാന വിഹിതം | 17.10.19 | 87,420.00 |
| 7 | 1498957/30.10.19 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 06.11.19 | 87,420.00 |
| 8 | 678815/30.10.19 | സംസ്ഥാന വിഹിതം | 31.10.19 | 12,580.00 |

| | | | | |
|---|---|---|---|---|
| 9 | 5124508/10.01.20 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 10.01.20 | 100,000.00 |
| | | ആകെ | | 9,40,000.00 |

വി.ഇ.ഒ. ലഭ്യമാക്കിയ ചെലവ് വിവരങ്ങൾ പ്രകാരം 9,40,000.00 രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 8,27,420/- രൂപ മാത്രം ചെലവഴിച്ചതായാണ് കാണുന്നത്. വ്യത്യാസം 1,12,580/-. മേൽ വ്യത്യാസത്തിൻറെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/27.11.2021) ലഭ്യമാക്കിയ മറുപടിയിൽ , വെബ് സാംഖ്യയിൽ ചെലവ് രേഖപ്പെടുത്തിയപ്പോൾ വന്ന തകരാർ മൂലമാണ് തുക വ്യത്യാസപ്പെട്ടിരിക്കുന്നതെന്ന് മുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ കൃത്യത വരുത്തി സൂക്ഷിക്കേണ്ടതും തുടർ വർഷങ്ങളിൽ വിശദീകരിക്കപ്പെടേണ്ടതുമാണ്.

## 1-16 സ്മാർട്ട് ക്ലാസ് റൂം സ്ഥാപിച്ചത് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നമ്പർ-43/19-20 പ്രകാരം മെയിന്റനൻസ് ഫണ്ട് (റോഡിതരം) ൽ നിന്നും 1,99,536/-രൂപ ചെലവഴിച്ച് മേമ്മുറി ഗവ.യു.പി. സ്കൂളിൽ ആധുനിക രീതിയിലുള്ള സ്മാർട്ട് ക്ളാസ് റൂം സ്ഥാപിച്ചു. ടെണ്ടർ മുഖേന ആർ.ജെ.എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനമാണ് പ്രവൃത്തി നിർവ്വഹിച്ചത്. സ്മാർട്ട് ക്ലാസ് റൂമിന് അഞ്ച് വർഷം വാറന്റി നൽകുന്നതായി സ്ഥാപനം ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാറന്റി ഉറപ്പു വരുത്തുന്നതിനായി സ്ഥാപനവുമായി നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ കരാറിൽ ഏർപ്പെട്ടിട്ടില്ല. സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സിലും വാറന്റി സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല.സ്മാർട്ട് ക്ളാസ് റൂമിന്റെ ഭാഗമായുള്ള വിവിധ ഇലക്ട്രോണിക് ഉപകരണങ്ങളുടെ തുടർന്നുള്ള റിപ്പയറിംഗ്, സർവ്വീസിംഗ് എന്നിവ സ്ഥാപനം ഏറ്റെടുത്തു നടത്തുമെന്നത് കരാർ വെയ്ക്കാത്തത് മൂലം ഉറപ്പു വരുത്താൻ സാധിക്കുകയില്ല. സ്ഥാപനത്തിൽ നിന്നുള്ള സ്മാർട്ട് ക്ളാസ് റൂം ഇൻസ്റ്റലേഷൻ റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പിന്റെ പ്രൊജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് കൃത്യമായ സർവ്വീസിംഗ് ഉറപ്പു വരുത്തേണ്ടതും ഇൻസ്റ്റലേഷൻ റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതുമാണ്.

## 1-17 എസ്.എസ്.എ. വിഹിതം(ജനറൽ)-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20വർഷം നടപ്പിലാക്കിയ എസ്.എസ്.എ.വിഹിതം (ജനറൽ) എന്ന പ്രൊജക്ട് പ്രകാരം (പ്രൊജക്ട് നമ്പർ- 39/19-20 )പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 350000/- രൂപ വകയിരുത്തി ടി തുക തന്നെ ബിൽ നമ്പർ 27/06.8.19 പ്രകാരം എസ്.എസ്.കെ.ജില്ലാ പ്രൊജക്ട് ഓഫീസറുടെ പേരിലുള്ള 0806101073400 നമ്പർ കാനറ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി. തുക ചെലവഴിച്ച് 2019-20 വർഷം പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുന്ന ധന വിനിയോഗ സാക്ഷ്യ പത്രം എസ്.എസ്.എ യിൽ നിന്നും ലഭിച്ചത് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ 11/2019-20/29.11.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ 350000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-18 എസ്.എസ്.എ. വിഹിതം(എസ്.സി)-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ എസ്.എസ്.എ. വിഹിതം (എസ്.സി) എന്ന പ്രൊജക്ട് പ്രകാരം (പ്രൊജക്ട് നമ്പർ-40/19-20 )എസ്.സി.പി.ഫണ്ടിൽ നിന്നും 150000/- രൂപ വകയിരുത്തി ടി തുക തന്നെ ബിൽ നമ്പർ 28/06.8.19പ്രകാരം എസ്.എസ്.കെ. ജില്ലാ പ്രൊജക്ട് ഓഫീസറുടെ പേരിലുള്ള 0806101073400 നമ്പർ കാനറ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി. തുക ചെലവഴിച്ച് 2019-20 വർഷം പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുന്ന ധന വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ യിൽ നിന്നും ലഭിച്ചത് പരിശോധനയ്ക്കായി ഹാജരാക്കിയില്ല.ഇതു സംബന്ധിച്ച് നൽകിയ 11/2019-20 /29.11.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. ആയതിനാൽ 150000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-19 ലൈഫ് ഭവന പദ്ധതി, ജോയിൻറ് വെഞ്ച്വർ പ്രോജക്ട് തുകകൾ പൊരുത്തപ്പെടുന്നില്ല

ജോയിൻറ് വെഞ്ച്വർ പ്രോജക്ടുകൾ സംബന്ധിച്ച 2019-20ലെ സുലേഖ ചെലവ് പത്രിക പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായി 27,75,592/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2018-19 A.F.S. ലെ B4 ഷെഡ്യൂൾ പ്രകാരം (A/c Head 320700205) 6,24,037/- രൂപ ഈ ഇനത്തിൽ ബാലൻസ് അവശേഷിക്കുന്നു. 2019-20 RP 7 (A/c Head 160300101) പ്രകാരം 22,35,592/- രൂപ ഈ ഇനത്തിൽ വരവുണ്ട്. ആകെ 28,59,629/-. എന്നാൽ 2019-20 A.F.S. ലെ B4 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ ബാലൻസ് അവശേഷിക്കുന്നില്ല. ആയതിനാൽ ഈ ഇനത്തിലെ 2019-20 ലെ ആകെ തുകയായ 28,59,629.00 ( 6,24,037/- + 22,35,592/-) രൂപയിൽ ചെലവ് (27,75,592/-) കിഴിച്ച് ബാക്കി 84,037/- രൂപയുടെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം. 6/24.11.2021) നൽകിയെങ്കിലും അതിന് ലഭ്യമാക്കിയ മറുപടിയിൽ Adjustment Entry വരുത്തി കണക്ക് കൃത്യമാക്കുന്നതിന് 2014-15 വർഷത്തെ ഭിന്നശേഷി സ്കോളർഷിപ്പ് തുകയുടെ വിവരങ്ങളെപ്പറ്റിയും പറയുന്നുണ്ട്. ടി വിവരങ്ങൾ ധനകാര്യപത്രികയോടൊപ്പം വിശദീകരണത്തിൽ ഉൾപ്പെടുത്തേണ്ടതും വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. കൂടാതെ 2019-20ൽ വി.ഇ.ഒ. നിർവഹണം നടത്തിയ ലൈഫ് ഭവന പദ്ധതികൾക്കായുള്ള തുകകൾ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും

മറുപടി ലഭ്യമാക്കിയില്ല.

1. ലൈഫ് ഭവന പദ്ധതികൾക്കായുള്ള കെ.യു. ആർ. ഡി. എഫ്. സി. ലോൺ, സ്റ്റേറ്റ്ഷെയർ, ബ്ലോക്ക്ഷെയർ, ജില്ലാ പഞ്ചായത്ത് ഷെയർ എന്നിവ വി.ഇ.ഒ.യ്ക്ക് ലഭിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

2. 2019-20 വർഷം വരെ പൂർത്തീകരിക്കാത്ത ഭവനത്തിന്റെ വിശദാംശങ്ങൾ, രജിസ്റ്ററിൽ ശരിയാംവിധം രേഖപ്പെടുത്തി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്ററുകൾ/ഫണ്ട് വിനിയോഗം എന്നിവ രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

## 1-20 ഗുണഭോക്തൃ വിഹിതം പിൻവലിച്ചത് ചെലവു രേഖയിൽ ഉൾപ്പെട്ടിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

പ്രോജക്ടിന്റെ പേര് : കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സീഡി

പ്രോജക്ട് നം ,വർഷം : 24/2019-2020

അടങ്കൽ തുക : 2,50,000/- (വികസന ഫണ്ട്)

: 2,50,000/- (ഗുണഭോക്തൃ വിഹിതം)

ചെലവ് തുക : 2,50,000/- (വികസന ഫണ്ട്)

ബിൽ നം തുക

: (1) 1,25,000/99/21.11.2019
: (2) 1,25,000/176/23.1.2020
: (3) 1,80,000/- ചെക് നം 449878/13.11.2019 (ഗുണഭോക്തൃ വിഹിതം)
: (4) 1,91,250/- ചെക് നം 5124514/13.11.2019 (ഗുണഭോക്തൃ വിഹിതം)

2019-20 വർഷം വെറ്റിനറി സർജ്ജൻ നിർവ്വഹണം ചെയ്ത കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സീഡി എന്ന പ്രോജക്ടിൽ 2,50,000/- വികസന ഫണ്ടിൽ നിന്നും ചെലവു ചെയ്തിട്ടുണ്ട്. 3,71,250/- രൂപ ഗുണഭോക്തൃ വിഹിതം കളക്ട് ചെയ്ത് പഞ്ചായത്തിൽ അടച്ചിട്ടുണ്ട് ( 119110102736/18.11.2019 തുക 1,80,000/- 119110104819/30.01.2020 തുക 1,91,250/- രൂപ ) ഇതിൽ 1,80,000/- ഗുണഭോക്തൃ വിഹിതം മാത്രമാണ് ചെലവഴിച്ചതായി ചെലവു രേഖയിൽ ഉൾപ്പെട്ടിട്ടുള്ളത്. 1,91,250/- രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചത് കേരള ഫീഡ്സിന നല്കിയത് ചെലവു രേഖയിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് 29.11.2021ൽ 9ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃവിഹിതമായി പിരിച്ച തുക പഞ്ചായത്തു ഫണ്ടിൽ നിലനിർത്താതെ ചെലവു രേഖയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 IKM വിഹിതം - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

1)പ്രോജക്ടിന്റെ പേര് : IKM വിഹിതം

പ്രോജക്ട് നം ,വർഷം : SO004/2019-20

അടങ്കൽ തുക : 51577/- വി .ഫ. ,

ചെലവ് തുക : 51577- വി .ഫ.

ബിൽ നം തുക : (1) 51577/63/18.10.2019

വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്. 15,577/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് 30.11.2021ൽ 16ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-22 അനുപൂരക പോഷകാഹാരം-എസ്.സി.പി.ഫണ്ട് വിനിയോഗം - എസ്.സി. ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമല്ല

2019-20 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി അങ്കണവാടി അനുപൂരക പോഷകാഹാരം (എസ്.സി.പി.) എന്ന പ്രൊജക്ട് പ്രകാരം (33/19-20) എസ്.സി.പി. ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വകയിരുത്തി ചെലവഴിച്ചു. വിവിധ അങ്കണവാടികളിലേക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ സപ്ളൈകോ, അമൃതം ന്യൂട്രിമിക്സ് യൂണിറ്റ് എന്നീ സ്ഥാപനങ്ങൾക്ക് ആണ് മേൽ തുക നൽകിയത്. 17 അങ്കണവാടികളാണ് പഞ്ചായത്ത് പരിധിയിൽ ഉള്ളത്. എസ്.സി.പി. ഫണ്ട് ഉപയോഗിക്കേണ്ടത് എസ്.സി. വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായാണ്. എന്നാൽ അങ്കണവാടികളിൽ ഉള്ള എസ്.സി. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ എണ്ണം കാണിക്കുന്ന ലിസ്റ്റ് പ്രൊജക്ടിനൊപ്പം സൂക്ഷിക്കുന്നില്ല. എസ്.സി. വിഭാഗം കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായാണ് തുക ചെലവഴിക്കുന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥ ഉറപ്പു വരുത്തുന്നില്ല. അനുപൂരക പോഷകാഹാരം (ജനറൽ) എന്ന പ്രൊജക്ട് പ്രകാരം

തുക നൽകാൻ സാധിക്കാത്ത ബില്ലുകളുടെ പേയ്മെന്റ് ആണ് എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നത്. ഇത് ശരിയായ രീതിയല്ല. എസ്.സി.പി. ഫണ്ട് വിനിയോഗിക്കുന്ന പ്രൊജക്ടുകളിൽ ഗുണഭോക്താക്കൾ എസ്.സി. വിഭാഗക്കാർ മാത്രം ആണെന്നുള്ളത് ഉറപ്പു വരുത്തേണ്ടതും കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതുമാണ്.

### 1-23 മരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ2019-20 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ ഫീസ് 21,612/-രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് വരവ് വയ്ക്കുന്ന ടെൻഡർ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റ് വേളയിൽ പരിശോധിച്ച | കെ.എസ്.എ.ഇ.കെ.എം.(പി.9)1808/2021 തീയതി |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 36992 | 19/20- നെൽകൃഷിക്ക് കൂലിച്ചെലവി സബ്സിഡി | 36992 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 287420 | 127/20- ലൈഫ് ഭവന പദ്ധതി | 287420 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 540000 | 127/20- ലൈഫ് ഭവന പദ്ധതി | 540000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1800000 | 169/20- ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ | 1800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 520000 | 170/20- ലൈഫ് ഭവന പദ്ധതി | 520000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | 193/20- ലൈഫ് ഭവന പദ്ധതി (എസ്.റ്റി.) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | 18/20- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 314000 | 18/20- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 314000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 84600 | 100/20- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 84600 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനെർട്ട് | പഞ്ചായത്ത് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ സോളാർ പവർ പ്ലാൻറ് സ്ഥാപിക്കൽ | നം. 68പ്രോജക്ട് ബിൽ നം. 280/11.03.2020 | 18000 | 18000 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ-ഹഡ്കോ | | 1600000 | 1600000 | 205882 | | 1394118 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 1-22 | 4400 | റെജി കോട്ടപ്പുറത്ത് | 119110105873(12.03.2020) |
| | 1-22 | 1096 | ബേസിൽ കെ. ഡേവിഡ് | 119110105913(13.03.2020) |
| | 1-22 | 1921 | രാജൻ മാരിയിൽ | 119110106172(20.03.2020) |
| | 1-23 | 542 | ഭാനുകുഞ്ഞായി | 119110106108(19.03.2020) |
| | 1-14 | 2460 | പൗലോസ് എം.സി. | 119110104380(31.12.2019) |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,25,20,839 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,16,71,337 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,00,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 3,50,000 | ഹെഡ്മാസ്റ്റർ |
| 1-18 | 1,50,000 | ഹെഡ്മാസ്റ്റർ |
| ആകെ | 5,00,000 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 & 96-97 | എൽ.എഫ്.ഇ.(പി.1) 183/98/ 08.10.1998 | |
| 1997-98 (ചെലവ്) | എൽ.എഫ്.ഇ.(പി.2) 1158/01/ 12.1.2002 / 13.3.2002 | |
| 1998-99 | എൽ.എഫ്.ഇ.(പി.2) 712/03/ 25.08.1998 | |
| 1999-00 | എൽ.എഫ്.ഇ.(പി.2) 844/04/ 03.04.2004 | |
| 2003-04 | എൽ.എഫ്.ഇ.(പി.1) 1465/07/ | |
| 2004-05 | എൽ.എഫ്.ഇ.(പി.1) 50/09/ | |
| 2005-06 | എൽ.എഫ്.ഇ.(പി.9) 472/11/20.9.11 | |
| 2006-07 | എൽ.എഫ്.ഇ.(പി.9) 473/11/20.9.11 | |
| 2009-10 | എൽ.എഫ്.ഇ.(പി.9) 66/11/24.1.11 | |
| 2007-08, 08-09, 2010-11 | എൽ.എഫ്.ഇ.(പി.9) 1473/12/14.9.12 | |
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി.9) 14/2014/ 7.2.2014 | |
| 2013-14& 2014-15 | കെ.എസ്.എ.(പി.9)29/2016 | |
| 2015-16 | കെ.എസ്.എ.(പി.9) 2120/2016/15.12.2016 | |
| 2016-17 | കെ.എസ്.എ.(പി.9) 1666/2017/22.11.2017 | |
| 2017-18 | കെ.എസ്.എ.(പി.9) 2058/2018/3.12.2018 | |
| 2018-19 | കെ.എസ്.എ. ഇ.കെ.എം(പി.9)009/2019/1/1/2020 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്